ഉത്തരം

(എ —ഡി)) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) കാർഷിക കടാശ്വാസം നടപ്പാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയവും മേൽപ്പടി കാലയളവിൽ പലിശയും, പിഴപ്പലിശയും ഇളവും അനുവദിക്കാവുന്നതാണ്.

ഭൂനികുതി അടക്കുന്നവരിൽ നിന്നും തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക ഈടാക്കുന്ന നടപടി

6 [620] ശ്രീ. എൻ. ശക്തൻ:

" എം. എ. ചന്ദ്രശേഖരൻ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക്ക് കരം അടയ്ക്കുന്നവരിൽ നിന്നും തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക ഈടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ചുരുങ്ങിയത് എത്ര ഭൂമിവരെ ഉള്ളവരിൽ നിന്നാണ് തുക ഈടാക്കുന്നത്;

(സി) ഏതു നിയമ വ്യവസ്ഥയനുസരിച്ചാണ് ഇപ്രകാരമുള്ള തുക കൂടി പിരിക്കുന്നത്;

(ഡി) എന്തു നിരക്കിലാണ് ഈ തുക പിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അര ഹെക്ടറിനു മുകളിൽ കൃഷിഭൂമിയുള്ളവരിൽനിന്നും തുക ഈടാക്കുന്നു.

(സി) 1974-ലെ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി നിയമം 9(1) വകുപ്പ് പ്രകാരവും സർക്കാരിന്റെ 6-3-1993-ലെ 53734/ഇ3/93/ആർ ഡി -ാം നമ്പർ സർക്കുലർ പ്രകാരവും

(ഡി) അര ഹെക്ടറിനു മുകളിൽ ഒരു ഹെക്ടറിനു താഴെവരെ പ്രതിവർഷം 10 രൂപ വീതവും തുടർന്നുള്ള ഓരോ ഹെക്ടറിനും അതിന്റെ ഭാഗത്തിനും പ്രതിവർഷം 15 രൂപാ വീതവും ഈടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly